**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **313** **11.11.2019** – ൽ മറുപടിയ്ക്ക്

## വയോജനങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ

ചോദ്യം

ശ്രീ.എൻ.വിജയൻ പിള്ള
ശ്രീ.കെ.ദാസൻ
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.കെ.ജെ.മാക്സി.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിരാലംബരായ വയോജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണ്; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അവരുടെ സംരക്ഷണത്തിനായി എല്ലാ ജില്ലകളിലും ആധുനിക സൗകര്യങ്ങളോടു കൂടിയ പകൽ വീടുകൾ നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഗ്രാമ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ വയോജന ക്ഷേമത്തിനായി വകയിരുത്തുന്ന തുകയിൽ നിന്നും പ്രാദേശികമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പകൽ വീടുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ 358 ഗ്രാമപഞ്ചായത്തുകളിലായി 464 പകൽവീടുകൾ സ്ഥാപിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ വയോജന ക്ഷേമ പദ്ധതിയായ സായംപ്രഭയിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ വീടുകളിൽ അനുയോജ്യമായവ തിരഞ്ഞെടുത്ത് എൻ.ജി.ഒ-കളുടെ സഹകരണത്തോടെ മോഡൽ സായംപ്രഭാ ഹോം ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. ഇത്തരത്തിൽ 2017-18 ൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുമായി ചേർന്ന് മൾട്ടി സർവീസ് |

| | | | |
|---|---|---|---|
| | | | ഡേ കെയർ സെന്ററും HLFPPT (Hindustan Latex Family Planning Promotion Trust) യുമായി ചേർന്ന് കോഴിക്കോട് , ചെങ്കോട്ടുകാവ് പകൽ വീട് മോഡൽ സായംപ്രഭാ ഹോം ആക്കി മാറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2019-20 ൽ കൊല്ലം , മലപ്പുറം എന്നീ ജില്ലകളിൽ നിന്ന് ഓരോ പകൽവീടുകളെ സായംപ്രഭാ ഹോം ആക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 'വയോമധുരം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി വയോമധുരം പദ്ധതി 2018-19 വർഷം മുതൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിയ്ക്കുന്നതിന് പദ്ധതി പ്രകാരം ഗ്ലൂക്കോമീറ്റർ സൗജന്യമായി നല്കുന്നു. |
| (ഡി) | സ്വന്തം ഭവനങ്ങളിൽ വയോജനങ്ങൾ നേരിടുന്ന അവഗണനയ്ക്കെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | വാർദ്ധക്യമാകുന്നത് തുടർച്ചയായ ഒരു പ്രക്രിയയാണെന്നും ഏതെങ്കിലും നിശ്ചിത പ്രായത്തിൽ പൊടുന്നനെ സംഭവിക്കുന്ന ഒന്നല്ല എന്നും ഉള്ള വസ്തുത ഉൾക്കൊണ്ടു കൊണ്ട് സ്കൂൾ തലം മുതലുള്ള വിവിധ തലങ്ങളിൽ വിവിധ വയോജന പ്രശ്നങ്ങളെക്കുറിച്ചും, സ്വന്തം ഭവനങ്ങളിൽ വയോജനങ്ങൾ നേരിടുന്ന അവഗണനയ്ക്കെതിരേയും 2007 ലെ വയോജന സംരക്ഷണ നിയമത്തിനെക്കുറിച്ചും ഉള്ള ബോധവത്കരണം നടത്തുന്നതിനുള്ള പദ്ധതികളും മറ്റ് പ്രവർത്തനങ്ങളും സായംപ്രഭാ പദ്ധതിയ്ക്ക് കീഴിൽ നടത്തി വരുന്നുണ്ട്. ഇപ്രകാരം 2018-19 വർഷം മുതൽ എല്ലാ ജില്ലകളിലും സ്കൂൾ, കോളേജ് തലങ്ങളിലും എല്ലാ ജില്ലകളിലേയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും ബോധവത്കരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ മെയിന്റനൻസ് ട്രൈബ്യൂണൽ തലങ്ങളിലും വകുപ്പിന്റെ ധനസഹായത്തോടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |
| (ഇ) | വയോജനങ്ങൾക്ക് സ്വഗൃഹത്തിൽ ശ്രദ്ധയും പരിഗണനയും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | വയോജനങ്ങൾക്ക് ശ്രദ്ധയും പരിഗണനയും ഉറപ്പ് വരുത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് നോഡൽ വകുപ്പായി മറ്റ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 2007 ലെ വയോജന സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാന ചട്ടങ്ങൾ പ്രകാരം ഓരോ വകുപ്പും സ്വീകരിക്കേണ്ട നടപടികൾ നിർവചിച്ചു നല്കിയിട്ടുണ്ട്. വയോജന സംരക്ഷണ നിയമപ്രകാരം ലഭ്യമാകുന്ന പരാതികൾ റവന്യൂ ഡിവിഷണൽ ഓഫീസർമാർ പ്രിസൈഡിംഗ് ഓഫീസറായിട്ടുള്ള മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പരിഗണനയ്ക്ക് വരികയും പരാതിയുടെ വിവിധ നടപടിക്രമങ്ങളിലൂടെ ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. വയോജനങ്ങളെ സംരക്ഷിക്കാതെ ഉപേക്ഷിക്കുന്നവർക്കെതിരെ കേസ് ചുമത്താനും 3 മാസം വരെയുള്ള തടവിനോ 5000/- രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാൻ നിയമം അനുശാസിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ**

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ കൊടുത്തുകൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന **സായംപ്രഭാ ഹോം പദ്ധതി**
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചു കൊടുക്കുന്ന **മന്ദഹാസം പദ്ധതി**
- സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന **വയോ അമൃതം പദ്ധതി**
- സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന **മ്യൂസിക് തെറാപ്പി**
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നല്കുന്ന **വയോമധുരം പദ്ധതി**
- വയോജനങ്ങൾക്ക് പകൽ സമയം ഉല്ലാസപൂർവം ചിലവഴിക്കുന്നതിനും സ്വയം തൊഴിൽ പരിശീലിക്കുന്നതിനും തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള **മാതൃകാ സായംപ്രഭാ ഹോം പദ്ധതി (Multi Service Day care Centre).**
- വയോജനങ്ങൾക്ക് വിവിധ സേവനങ്ങളും ശുശ്രൂഷാ സംവിധാനങ്ങളും ലഭ്യമാക്കുന്ന മാതൃകാ സായംപ്രഭാ ഹോം പദ്ധതി കോഴിക്കോട് ജില്ലയിൽ HLFPPT യുടെ സഹകരണത്തോടു കൂടി ആരംഭിച്ചിട്ടുണ്ട്.
- വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കുന്ന **യോഗാ തെറാപ്പി**
- സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള **സെക്കന്റ് ഇന്നിംഗ്സ് പ്രോജക്ട്**
- സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്കും ജീവനക്കാർക്കും ക്രിയാത്മകമായ മാനസിക സ്ഥിതി നിലനിർത്തി ഉത്സാഹവും ഉണർവും പ്രദാനം ചെയ്യുന്നതിന് NIMHANS മായി സഹകരിച്ച് നടപ്പാക്കുന്ന **Psycho Social Care for Elderly in Old Age Homes in Kerala Project**
- മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ മെയിന്റനൻസ് ട്രൈബ്യൂണലുകളിലും ഓരോ **ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്ന പദ്ധതി**.
- ട്രൈബ്യൂണലുകളിൽ വിചാരണയ്ക്കായി വന്നെത്തുന്ന വയോജനങ്ങൾക്കായി ഇരിപ്പിട സൗകര്യം , ചായ, ലഘുഭക്ഷണം, വെള്ളം എന്നിവ നല്കുന്നതിനായുള്ള പദ്ധതി.
- ARDSI (Alzhemers and Related Disorder Society of India) യുടെ സഹകരണത്തോടു കൂടി സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലന ഡേ കെയർ സെന്റർ എന്നിവ വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**